സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

കൊട്ടാരക്കര പി.ഡി.മണികണ്ഠേശ്വരം ക്ഷേത്രത്തിലെ ഉണ്ണിയപ്പ വഴിപാട് വിതരണം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ.8398/08/എൻ.എസ് നന്തൻകോട് , 11 /05/2018.

---

പരാമർശം : 09.05.2018-ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള കൊട്ടാരക്കര പി.ഡി.മണികണ്ഠേശ്വരം (ഗണപതി ക്ഷേത്രം) ക്ഷേത്രത്തിലെ ഉണ്ണിയപ്പ വഴിപാട് വിതരണം 01.02.2012 മുതൽ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ ചുമതലയിലും ഉത്തര വാദിത്വത്തിലും, ഉണ്ണിയപ്പ നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ കീഴ്ശാന്തി വാങ്ങി ആളുകളെ നിയോഗിച്ചാണ് ഉണ്ണിയപ്പം തയ്യാർ ചെയ്ത് വരുന്നത്. ഈ രീതി സുതാര്യവും ഗുണമേന്മ ഉറപ്പാക്കാൻ പര്യാപ്തവുമല്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ഉണ്ണിയപ്പ വഴിപാട് നിർമ്മാണവും വിതരണവും പൂർണ്ണമായും അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ ചുമതലയിൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് സാധനം സപ്ലൈ ചെയ്ത് നടത്തു ന്നത് സുതാര്യത ഉറപ്പാക്കുന്നതിനോടൊപ്പം ഉണ്ണിയപ്പത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്ന തിനും സാധിക്കുമെന്ന് ബോർഡ് വിലയിരുത്തിയിട്ടുള്ളതാണ്.

ആകയാൽ ടി ക്ഷേത്രത്തിലെ ഉണ്ണിയപ്പ നിർമ്മാണത്തിന് ആവശ്യ മായ സാധനങ്ങൾ സർക്കാർ ഏജൻസികളിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ആഫീസർ വാങ്ങി സ്റ്റോക്ക് ചെയ്യുന്നതിനായി 2,00,000/-രൂപ (രൂപ രണ്ട് ലക്ഷം മാത്രം) അഡ്മിനി സ്ട്രേറ്റീവ് ആഫീസറുടെ പേരിൽ അഡ്വാൻസ് അനുവദിച്ചും, ഉണ്ണിയപ്പ നിർമ്മാണത്തിന് ആവശ്യമായ ശാന്തിക്കാരെ പ്രതിദിനം 600/-രൂപ വേതനത്തിൽ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ ചുമതലയിൽ നിയോഗിക്കുന്നതിനും, കൂടാതെ ഒരു കൂട്ട് ഉണ്ണിയപ്പം നിർമ്മിക്കുന്നതിന് ആവശ്യമായ സാധനങ്ങളുടെ അളവ് തിട്ടപ്പെടുത്തുന്നതിന് ചീഫ് വിജിലൻസ് ആഫീസർ, ഇൻസ്പെക്ഷൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, കൊട്ടാരക്കര ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ മഹസ്സർ തയ്യാറാക്കുന്ന തിനും പ്രസ്തുത കൂട്ടിനനുസരിച്ചുള്ള സാധനം ലെഡ്ജർ പരിപാലിച്ച് ചെലവ് ചെയ്യുന്ന തിനും, 2018 ജൂൺ 1 ന് മുമ്പ് മേൽ വിവരിച്ച സംഗതികൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**

**(ഒപ്പ്)**

**സെക്രട്ടറി**

EDP sect

പകർപ്പ് :

1) ദേവസ്വം കമ്മീഷണർ
2) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
3) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
4) ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫൈനാൻസ് & ഇൻസ്പെക്ഷൻ)
6) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, പത്തനംതിട്ട
7) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊട്ടാരക്കര
8) ഇ.ഡി.പി.സെക്ഷൻ
9) സെക്ഷൻ ഫയൽ
10) ഫയൽ ബുക്ക്
11) ആഫീസ്കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി